**മധുരമായ കുട്ടികളേ – ബാബയുടെ ഓർമ്മയിലൂടെ ബുദ്ധി സ്വച്ഛമായിത്തീരുന്നു, ദിവ്യഗുണങ്ങൾ വരുന്നു അതുകൊണ്ട് ഏകാന്തതയിലിരുന്ന് സ്വയം സ്വയത്തോട് ചോദിക്കൂ ദൈവീകഗുണങ്ങൾ എത്രത്തോളം വന്നിട്ടുണ്ട്?**

**ചോദ്യം:–** കുട്ടികളിൽ ഉണ്ടായിരിക്കാൻ പാടില്ലാത്ത ഏറ്റവും വലിയ ആസുരീയ അവഗുണം ഏതാണ്?
**ഉത്തരം:–** ഏറ്റവും വലിയ ആസുരീയ അവഗുണമാണ് മറ്റുള്ളവരോട് കടുത്തവാക്കുകളോടെ സംസാരിക്കുക, ഇതിനെയാണ് ഭൂതം എന്ന് പറയുന്നത്. എപ്പോഴാണോ ആരിലെങ്കിലും ഈ ഭൂതം പ്രവേശിക്കുന്നത്, അപ്പോൾ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ട് അവരിൽ നിന്നും അകന്നു നിൽക്കണം. എത്ര കഴിയുന്നുവോ ഈ അഭ്യാസം ചെയ്യൂ – ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം പിന്നീട് പുതിയ രാജധാനിയിലേക്ക് വരണം. ഈ ലോകത്തിലെ എല്ലാം കണ്ടുകൊണ്ടും ഒന്നും തന്നെ കാണപ്പെടരുത്.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, ശരീരത്തെ ഉപേക്ഷിച്ച് പോകണം. ഈ ലോകത്തെ തന്നെ മറക്കണം. ഇതും ഒരു അഭ്യാസമാണ്. ശരീരത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്രയത്നിച്ച് ഈ ശരീരത്തെ തന്നെ മറക്കേണ്ടതായി വരുന്നു. അതുപോലെ ഈ ലോകത്തെയും മറക്കണം. മറക്കാനുള്ള അഭ്യാസം ചെയ്യേണ്ടത് അതിരാവിലെയാണ്. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം, ഇത്രമാത്രം. ഈ ജ്ഞാനം കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്. മുഴുവൻ ലോകത്തെയും ഉപേക്ഷിച്ച് ഇപ്പോൾ വീട്ടിലേക്ക് പോകണം. ഇതിനായി കൂടുതൽ ജ്ഞാനത്തിന്റെ ആവശ്യമില്ല. പ്രയത്നിച്ച് അതേ ലഹരിയിൽ തന്നെ ഇരിക്കണം. ശരീരത്തിന് എത്രതന്നെ ബുദ്ധിമുട്ട് ഉണ്ടായാലും, എങ്ങനെ അഭ്യസിക്കണമെന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. നിങ്ങൾ ഇവിടെ ഇല്ലാത്ത അവസ്ഥ, എത്ര നല്ല അഭ്യാസമാണ്. കുറച്ചു സമയം മാത്രമേ ബാക്കിയുള്ളൂ. വീട്ടിലേക്ക് പോകണം, പിന്നീട് ബാബയുടെ സഹായമുണ്ടാകുന്നു ഇദ്ദേഹത്തിന്റേതായ (ബ്രഹ്മാവിന്റെ) സഹായവും ലഭിക്കുന്നു. സഹായം തീർച്ചയായും ലഭിക്കുന്നുണ്ട് ഒപ്പം പുരുഷാർത്ഥവും ചെയ്യണം. എന്തെല്ലാമാണോ കാണപ്പെടുന്നത് അതൊന്നും തന്നെയില്ല. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. അവിടെ നിന്നും പിന്നീട് തന്റെ രാജധാനിയിലേക്ക് വരണം. അവസാനം ഈ രണ്ടു കാര്യങ്ങളാണ് ഉണ്ടാകുന്നത് – പോകണം തിരികെ വരണം. ഇങ്ങനെ കാണപ്പെടാറുണ്ട് ഈ ഓർമ്മയിലിരിക്കുന്നതിലൂടെ ഏതൊരു ശരീരത്തിന്റെ രോഗമാണോ ബുദ്ധിമുട്ടിക്കുന്നത് അതെല്ലാം സ്വാഭാവികമായും ഇല്ലാതാകുന്നു. സന്തോഷം സ്ഥായിയാകുന്നു. സന്തോഷത്തെ പോലുള്ള മരുന്നില്ല അതുകൊണ്ട് കുട്ടികൾക്കും ഇത് മനസ്സിലാക്കി തരേണ്ടതായി വരുന്നു. കുട്ടികളെ, ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം, മധുരമായ വീട്ടിലേക്ക് പോകണം, ഈ പഴയ ലോകത്തെ മറക്കണം. ഇതിനെയാണ് ഓർമ്മയുടെ യാത്ര എന്ന് പറയുന്നത്. ഇപ്പോഴാണ് കുട്ടികൾക്ക് ഇതെല്ലാം മനസ്സിലായത്. ബാബ കൽപകൽപം വരുന്നു ഇതുതന്നെ കേൾപ്പിച്ച് തരുന്നു കൽപത്തിന് ശേഷം വീണ്ടും കണ്ടുമുട്ടുന്നു. ബാബ പറയുന്നു– കുട്ടികളെ, ഇപ്പോൾ നിങ്ങൾ എന്തെല്ലാമാണോ കേൾക്കുന്നത് പിന്നീട് കൽപത്തിന് ശേഷവും ഇത് തന്നെ കേൾക്കും. ഇത് കുട്ടികൾക്കറിയാം, ബാബ പറയുന്നു– ഞാൻ കൽപ–കൽപം വന്ന് കുട്ടികൾക്ക് വഴി പറഞ്ഞ് തരുന്നു ആ വഴിയിലൂടെ നടക്കുക എന്നത് കുട്ടികളുടെ ജോലിയാണ് ബാബ വന്ന് വഴി പറഞ്ഞ് തന്ന്, കൂടെ കൊണ്ട് പോകുന്നു. കേവലം വഴി പറഞ്ഞ് തരികയല്ല ചെയ്യുന്നത് എന്നാൽ കൂടെ കൊണ്ട് പോകുകയും ചെയ്യുന്നു. ഇതും മനസ്സിലാക്കി തന്നിട്ടുണ്ട് ഈ ചിത്രങ്ങളൊന്നും തന്നെ അവസാന സമയത്ത് പ്രയോജനപ്പെടില്ല. ബാബ തന്റെ പരിചയം നൽകി കഴിഞ്ഞു. കുട്ടികൾ മനസ്സിലാക്കുന്നു ബാബയുടെ സമ്പത്ത് പരിധിയില്ലാത്ത ചക്രവർത്തീ പദവിയാണ്. ആരാണോ ക്ഷേത്രങ്ങളിൽ പോയിരുന്നവർ, ഈ കുട്ടികളുടെ(ലക്ഷ്മീ–നാരായണൻ) മഹിമ പാടിയിരുന്നവർ, ബാബ ഇവരെയും കുട്ടികളെ–കുട്ടികളെ എന്നല്ലേ വിളിക്കുക, ആരാണോ ഇവരുടെ ഉയർച്ചയുടെ മഹിമപാടിയിരുന്നത്, ഇപ്പോൾ അവർ ഇവർക്കു സമാനം മഹിമയുള്ളവരായി മാറാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ശിവബാബയ്ക്ക് ഇത് പുതിയ കാര്യമല്ല. നിങ്ങൾ കുട്ടികൾക്ക് ഇത് പുതിയ കാര്യമാണ്. യുദ്ധ മൈതാനത്തിൽ നിൽക്കുന്നത് നിങ്ങൾ കുട്ടികളാണ്. സങ്കൽപ–വികൽപം ഇദ്ദേഹത്തെയും (ബ്രഹ്മാവ്) ബുദ്ധിമുട്ടിക്കുന്നുണ്ട്. ഈ ചുമയും ഇദ്ദേഹത്തിന്റെ കർമ്മത്തിന്റെ കണക്കാണ്, ഇത് അനുഭവിച്ചേ മതിയാകൂ. ശിവബാബ സദാ ആനന്ദത്തിലാണ്, ബ്രഹ്മാവിന് കർമ്മാതീതമായി തീരണം. ശിവബാബ സദാ കർമ്മാതീത അവസ്ഥയിൽ തന്നെയാണ്. നിങ്ങൾ കുട്ടികൾക്കും എനിക്കും (ബ്രഹ്മാബാബ) മായയുടെ കൊടുങ്കാറ്റ് കർമ്മഭോഗിന്റെ രൂപത്തിൽ വരുന്നു. ഇത് മനസ്സിലാക്കണം. ബാബ വഴി പറഞ്ഞു തരുന്നു, കുട്ടികൾക്ക് സർവ്വതും മനസ്സിലാക്കിത്തരുന്നുണ്ട്. ഈ രഥത്തിന് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഫീലിംങ്

വരുന്നു, ദാദയ്ക്ക് എന്തോ സംഭവിച്ചു. ശിവബാബയ്ക്ക് ഒന്നും തന്നെ സംഭവിക്കുന്നില്ല, ബ്രാഹ്മാവിനാണ് സംഭവിക്കുന്നത്. ജ്ഞാനമാർഗ്ഗത്തിൽ അന്ധവിശ്വാസത്തിന്റെ കാര്യമില്ല. ഞാൻ ആരുടെ ശരീരത്തിലാണ് പ്രവേശിക്കുന്നതെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. വളരെ ജന്മങ്ങൾക്കു ശേഷമുള്ള അന്തിമത്തിലെ പതിതശരീരത്തിലേക്കാണ് ഞാൻ പ്രവേശിക്കുന്നത്. ദാദയും മനസ്സിലാക്കുന്നുണ്ട് എങ്ങനെയാണോ മറ്റുള്ള കുട്ടികൾ അതുപോലെത്തന്നെയാണ് ഞാനും. ദാദാ പുരുഷാർത്ഥിയാണ്, സമ്പൂർണ്ണമല്ല. നിങ്ങളെല്ലാവരും പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണർ പുരുഷാർത്ഥം ചെയ്യുന്നു, വിഷ്ണുവിന്റെ പദവി നേടണം. ലക്ഷ്മി–നാരായണൻ എന്നു പറഞ്ഞാലും, വിഷ്ണു എന്നു പറഞ്ഞാലും കാര്യം ഒന്നു തന്നെയാണ്. ബാബ ഇപ്പോൾ മനസ്സിലാക്കിത്തന്നു, ഇത് നിങ്ങൾക്കും മുമ്പ് അറിയുമായിരുന്നില്ല. ബ്രഹ്മാ–വിഷ്ണു–ശങ്കരനെക്കുറിച്ചോ, സ്വയം തന്നെക്കുറിച്ചോ അറിയുമായിരുന്നില്ല. ഇപ്പോൾ ബാബയെയും, ബ്രഹ്മാ–വിഷ്ണു–ശങ്കരനെയും കാണുമ്പോൾ ബുദ്ധിയിലേക്കു വരുന്നു– ഈ ബ്രഹ്മാവാണ് തപസ്സ് ചെയ്യുന്നതെന്നുള്ള കാര്യം. വെളുത്ത വസ്ത്രധാരി ഇദ്ദേഹമാണ്. ഇവിടെത്തന്നെ കർമ്മാതീത അവസ്ഥ പ്രാപിക്കണം. മുൻകൂട്ടി നിങ്ങൾക്ക് സാക്ഷാത്കാരം ഉണ്ടാകുന്നു– ഈ ബാബ ഫരിസ്തയായിത്തീരുന്നു. നിങ്ങൾക്കും അറിയാം നമ്മൾ കർമ്മാതീത അവസ്ഥ നേടി നമ്പർവൈസായി ഫരിസ്തയായിത്തീരുമെന്ന്. എപ്പോഴാണോ നിങ്ങൾ ഫരിസ്തകളായി മാറുന്നത്, അപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു ഇപ്പോൾ യുദ്ധം പുറപ്പെടുമെന്ന്. പൂച്ചകൾക്ക് വിളയാട്ടം എലികൾക്ക് പ്രാണവേദന.... ഇത് വളരെയധികം ഉയർന്ന അവസ്ഥയാണ്. കുട്ടികൾ ഈ അവസ്ഥ ധാരണ ചെയ്യണം. ഇതും നിശ്ചയമുണ്ട് നമ്മളാണ് മുഴുവൻ ചക്രവും കറങ്ങുന്നത്, മറ്റാർക്കും തന്നെ ഈ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. പുതിയ ജ്ഞാനമാണ്, പിന്നെ പാവനമാകുന്നതിനായി ബാബ ഓർമ്മ പഠിപ്പിച്ചു തരുന്നു, ഇതും മനസ്സിലാക്കുന്നു ബാബയിൽ നിന്നും സമ്പത്താണ് ലഭിക്കുന്നത്. കൽപകൽപം ബാബയുടെ കുട്ടികളായിത്തീരുന്നു, 84 ജന്മങ്ങളുടെ ചക്രവും കറങ്ങിയിട്ടുണ്ട്. ആർക്കാണെങ്കിലും പറഞ്ഞു കൊടുക്കണം, നിങ്ങൾ ആത്മാവാണെന്ന്, പരമപിതാവായ പരമാത്മാവാണ് പിതാവ്, ഇപ്പോൾ ആ പിതാവിനെ ഓർമ്മിക്കൂ. അപ്പോൾ അവരുടെ ബുദ്ധിയിലേക്കു വരും ദൈവീക രാജകുമാരനായിത്തീണമെങ്കിൽ എത്ര പുരുഷാർത്ഥം ചെയ്യണമെന്ന കാര്യം. വികാരത്തെയെല്ലാം തന്നെ ഉപേക്ഷിക്കണം. ബാബ മനസ്സിലാക്കിത്തരുന്നു സഹോദരി–സഹോദരൻ എന്നുമല്ല, ഭായി–ഭായി എന്ന് മനസ്സിലാക്കണം, ബാബയെ ഓർമ്മിക്കണം, സമ്പത്തിന് അവകാശിയായിത്തീരണം. ഇവരെപ്പോലെ സർവ്വഗുണ സമ്പന്നരായിത്തീരണം. ലക്ഷ്മി–നാരായണന്റെ ചിത്രം വളരെ കൃത്യമാണ്. കേവലം ബാബയെ മറക്കുന്നതിലൂടെ ദൈവീകഗുണത്തെ ധാരണ ചെയ്യുന്ന കാര്യവും മറക്കുന്നു. കുട്ടികൾ ഏകാന്തതയിൽ ഇരുന്നുകൊണ്ട് ചിന്തിക്കണം – ബാബയെ ഓർമ്മിച്ച് എനിക്ക് ഇവരെപ്പോലെ ആയിത്തീരണം, ഈ ഗുണങ്ങൾ ധാരണ ചെയ്യണം. കാര്യം നിസ്സാരമാണ്. കുട്ടികൾക്ക് എത്രയാണ് പരിശ്രമിക്കേണ്ടി വരുന്നത്. ദേഹാഭിമാനം കൂടുതൽ വരുന്നുണ്ട്. ബാബ പറയുന്നു– ദേഹിഅഭിമാനിയായിത്തീരൂ. ബാബയിൽ നിന്നും തന്നെ സമ്പത്ത് നേടണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ അഴുക്ക് ഇല്ലാതാകൂ.

കുട്ടികൾക്കറിയാം ഇപ്പോൾ ബാബ വന്നുകഴിഞ്ഞു. ബ്രഹ്മാവിലൂടെ പുതിയ ലോകം സ്ഥാപിക്കുന്നു. നിങ്ങൾകുട്ടികൾക്കറിയാം സ്ഥാപന നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും സഹജമായ കാര്യം പോലും നിങ്ങളുടെ ബുദ്ധിയിൽ നിൽക്കുന്നില്ല. ഒന്ന് അള്ളാഹു, പരിധിയില്ലാത്ത പിതാവിൽ നിന്നും ചക്രവർത്തീ പദവി ലഭിക്കുന്നു. ബാബയെ ഓർമ്മിക്കുന്നതിലൂടെ പുതിയ ലോകം ഓർമ്മ വരുന്നു. അബലകൾക്കും–വികലാഗംർക്കും വളരെ നല്ല പദവി നേടാൻ സാധിക്കും കേവലം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബ വഴി പറഞ്ഞ് തന്നു. പറയുന്നു – സ്വയം ആത്മാവാണെന്ന് നിശ്ചയിക്കൂ. ബാബയുടെ തിരിച്ചറിവ് ലഭിച്ചുകഴിഞ്ഞു. ബുദ്ധിയിൽ ഇരിക്കുന്നുണ്ട് ഇപ്പോൾ 84 ജന്മം പൂർത്തിയായി കഴിഞ്ഞു, വീട്ടിലേക്ക് പോകണം പിന്നീട് സ്വർഗ്ഗത്തിലേക്ക് വന്ന് പാർട്ടഭിനയിക്കണം. എവിടെ ഓർമ്മിക്കണം എങ്ങനെ ഓർമ്മിക്കണം എന്നുള്ള ചോദ്യമേ ഉദിക്കുന്നില്ല. ബാബയെ ഓർമ്മിക്കണം എന്നുള്ള കാര്യം ബുദ്ധിയിൽ ഉണ്ടായിരിക്കണം. ബാബ എവിടെ പോയാലും, നിങ്ങൾ ബാബയുടെ കുട്ടികൾ തന്നെയല്ലേ. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കണം. ഇവിടെ ഇരിക്കുമ്പോൾ നിങ്ങൾക്ക് ആനന്ദം ഉണ്ടാകുന്നു ബാബയുമായി സന്മുഖത്തിൽ മിലനം ചെയ്യുന്നു. മനുഷ്യർ സംശയിക്കുന്നു എങ്ങനെ ശിവബാബയുടെ ജയന്തി ഉണ്ടാകുന്നു എന്ന്! ശിവരാത്രി എന്ന് എന്തുകൊണ്ടാണ് പറയപ്പെടുന്നതെന്നും അറിയുന്നില്ല. കൃഷ്ണനെക്കുറിച്ച് മനസ്സിലാക്കുന്നു രാത്രിയിലാണ് ജനിച്ചതെന്ന് പക്ഷേ അത് ഈ രാത്രിയുടെ കാര്യമല്ല. അരകൽപത്തെ രാത്രി പൂർത്തിയാകുമ്പോൾ പുതിയ ലോകത്തെ സ്ഥാപിക്കുന്നതിനായി ബാബയ്ക്ക് വരേണ്ടി വരുന്നു, വളരെ സഹജമാണ് കുട്ടികൾ സ്വയം മനസ്സിലാക്കുന്നു– സഹജമാണ്. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ഇല്ലെങ്കിൽ നൂറു മടങ്ങ് പാപം ഉണ്ടാകുന്നു. എന്നെ നിന്ദിക്കുന്നവർക്കൊരിക്കലും ഉയർന്ന പദവി ലഭിക്കില്ല. എന്റെ നിന്ദ

ചെയ്യിപ്പിക്കുന്നവർക്ക് പദവി ഭ്രഷ്ടമായിത്തീരുന്നു. വളരെയധികം മധുരമായിത്തീരണം. കടുത്ത വാക്കുകളോടെ സംസാരിക്കുക - ഇത് ദൈവീകഗുണമല്ല. ഇത് ആസുരീയ അവഗുണമാണെന്ന് മനസ്സിലാക്കണം. ഇത് നിങ്ങളുടെ ദൈവീകഗുണമല്ല എന്ന് അവർക്ക് സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കണം. ഇതും കുട്ടികൾക്ക് അറിയാം ഇപ്പോൾ കലിയുഗം പൂർത്തിയായി, ഇത് സംഗമയുഗമാണ്. മനുഷ്യർക്ക് ഇതിനെക്കുറിച്ച് ഒന്നും തന്നെ അറിയുന്നില്ല. കുംഭകർണ്ണ നിദ്രയിൽ ഉറങ്ങി കിടക്കുകയാണ്. ഇനിയും 40,000 വർഷങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നു. ഇത്രയും വർഷങ്ങൾ ഞങ്ങൾ ജീവിച്ചിരിക്കും സുഖവും അനുഭവിക്കുമെന്നും മനസ്സിലാക്കുന്നു. ദിനംപ്രതിദിനം വീണ്ടും തമോപ്രധാനമായിത്തീരുന്നു എന്ന് മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾ വിനാശത്തിന്റെ സാക്ഷാത്കാരവും ചെയ്തിട്ടുണ്ട്! ഇനി മുന്നോട്ടു പോകുന്തോറും ബ്രഹ്മാവിന്റെയും കൃഷ്ണന്റെയും സാക്ഷാത്കാരവും ലഭിക്കുന്നു. ബ്രഹ്മാവിന്റെ പക്കൽ പോകുമ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലെ രാജകുമാരനായാണ് മാറുന്നത്, അതുകൊണ്ടാണ് ബ്രഹ്മാവിന്റെയും കൃഷ്ണന്റെയും രണ്ടുപേരുടെയും സാക്ഷാത്കാരം ഉണ്ടാകുന്നത്. ചിലർക്ക് വിഷ്ണുവിന്റെ സാക്ഷാത്കാരം ലഭിക്കുന്നു. പക്ഷേ വിഷ്ണുവിന്റെ സാക്ഷാത്കാരത്തിലൂടെ അത്രയും മനസ്സിലാക്കാൻ സാധിക്കില്ല. നാരായണന്റേത് ലഭിക്കുകയാണെങ്കിൽ അൽപമെങ്കിലും മനസ്സിലാക്കാൻ സാധിക്കുന്നു. ഇവിടെ നമ്മൾ വരുന്നതുതന്നെ ദേവതയായിത്തീരുന്നതിനു വേണ്ടിയാണ്. അതുകൊണ്ടാണ് നിങ്ങൾ ഇപ്പോൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ പാഠമാണ് പഠിക്കുന്നത്. പാഠം പഠിപ്പിക്കുന്നത് ഓർമ്മിക്കുന്നതിനു വേണ്ടിയാണ്. പാഠം പഠിക്കുന്നത് ആത്മാവാണ്. ദേഹത്തിന്റെ ഭാരം ഇല്ലാതാകുന്നു. ആത്മാവു തന്നെയാണ് സർവ്വതും ചെയ്യുന്നത്. നല്ലതും മോശവുമായ സംസ്കാരം ആത്മാവിലാണ് ഉണ്ടാകുന്നത്.

നിങ്ങൾ മധുര-മധുരമായ കുട്ടികൾ അയ്യായിരം വർഷങ്ങൾക്കു ശേഷമാണ് വീണ്ടും കണ്ടുമുട്ടുന്നത്. നിങ്ങൾ അവർ തന്നെയാണ്. സംസ്കാരവും അതുതന്നെയാണ്, 5000 വർഷങ്ങൾക്കു മുമ്പും നിങ്ങൾ തന്നെയായിരുന്നു. നിങ്ങളും പറയുന്നുണ്ട്, ആരാണോ നമ്മെ ഇപ്പോൾ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്, അതേ ബാബ തന്നെയാണ് 5000 വർഷങ്ങൾക്കു ശേഷവും കാണാൻ വരുന്നത്. നമ്മൾ ദേവതകളായിരുന്നു വീണ്ടും അസുരനായിത്തീർന്നിരിക്കുകയാണ്. ദേവതകളുടെ ഗുണഗാനം പാടിക്കൊണ്ടുവന്നു, തന്റെ അവഗുണത്തെ വർണ്ണിക്കുകയും ചെയ്തുവന്നു. ഇപ്പോൾ വീണ്ടും ദേവതകളായിത്തീരണം, കാരണം ദൈവീകലോകത്തേക്ക് പോകണം. അതുകൊണ്ട് ഇപ്പോൾ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്ത് ഉയർന്നപദവി നേടൂ. ടീച്ചർ എല്ലാവരോടും പഠിക്കാനല്ലേ പറയുക. നല്ല മാർക്കോടെ പാസ്സാവുകയാണെങ്കിൽ ടീച്ചറുടെ പേരും പ്രശസ്തമാകുന്നു, നിങ്ങളുടെയും പേര് പ്രശസ്തമാകുന്നു. ഇങ്ങനെ വളരെയധികം പേർ പറയുന്നുണ്ട് - ബാബാ, അങ്ങയുടെ അടുത്തേക്ക് വരുന്നതിലൂടെ ഒന്നും തന്നെ പറയാൻ സാധിക്കുന്നില്ല. എല്ലാം മറന്നു പോകുന്നു. വന്ന ഉടൻ തന്നെ നിശബ്ദമാകുന്നു. ഈ ലോകം തന്നെ നശിച്ചിരിക്കുകയാണ്. നിങ്ങൾ പിന്നീട് പുതിയലോകത്തേക്ക് വരുന്നു. പുതിയലോകം വളരെയധികം ശോഭനീയമായിരിക്കും (മനോഹരമായിരിക്കും). ചിലർ ശാന്തിധാമത്തിൽ വിശ്രമിക്കുന്നു. ചിലർക്ക് വിശ്രമം ലഭിക്കില്ല, കാരണം ആൾറൗണ്ട് പാർട്ടാണ്. വീണ്ടും തമോപ്രധാനദുഖത്തിൽ നിന്നും മുക്തമാകുന്നു. അവിടെ ശാന്തിയും, സുഖവുമെല്ലാം തന്നെ ലഭിക്കുന്നു. അതുകൊണ്ട് നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. എന്താണോ ഭാഗ്യത്തിലുള്ളത് അതു ലഭിക്കും എന്ന് വിചാരിക്കരുത്. പുരുഷാർത്ഥം ചെയ്യണം. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കണം. നമ്മൾ നമുക്കു വേണ്ടി തന്നെയാണ് ശ്രീമത്തനുസരിച്ച് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ശ്രീമതം നൽകുന്ന ബാബ സ്വയം രാജാവായിത്തീരുന്നില്ല. ബാബയുടെ ശ്രീമത്തിലൂടെയാണ് നമ്മൾ രാജാവായിത്തീരുന്നത്. പുതിയ കാര്യമല്ലേ. ഒരിക്കലും ആരും തന്നെ കേട്ടിട്ടുമില്ല, കണ്ടിട്ടുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്, ശ്രീമതനുസരിച്ച് നമ്മൾ വൈകുണ്ഡത്തിന്റെ ചക്രവർത്തി പദവിയാണ് സ്ഥാപിക്കുന്നത്. നമ്മൾ അസംഖ്യം തവണ രാജധാനി സ്ഥാപിച്ചിട്ടുണ്ട്. നേടുകയും നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ചക്രം കറങ്ങക്കൊണ്ടിരിക്കുന്നു. ക്രിസ്തീയ പുരോഹിതന്മാർ നടക്കാനിറങ്ങുന്ന സമയം ആരെയും തന്നെ കാണാൻ ഇഷ്ടപ്പെടുന്നില്ല. കേവലം ക്രിസ്തുവിന്റെ ഓർമ്മയിൽ തന്നെയായിരിക്കും. ശാന്തിയോടെ ചുറ്റിക്കറങ്ങുന്നു. അവർക്ക് അതിന്റെ അറിവുണ്ടാകുമല്ലോ. ക്രിസ്തുവിനെ ധാരാളം ഓർമ്മിക്കുന്നുണ്ട്. തീർച്ചയായും ക്രിസ്തുവിന്റെ സാക്ഷാത്കാരം ലഭിച്ചിട്ടുണ്ടാകും. എല്ലാ പുരോഹിതന്മാരും ഇങ്ങനെത്തന്നെയായിരിക്കില്ല. കോടിയിൽ ചിലർ, നിങ്ങളിലും നമ്പർവൈസാണ്. കോടിയിലും ചിലർ മാത്രമാണ് ഇതുപോലെ ഓർമ്മയിലിരിക്കുന്നത്. പരിശ്രമിച്ചു നോക്കൂ. മറ്റാരെയും തന്നെ നോക്കരുത്. ബാബയെ ഓർമ്മിച്ച്, സ്വദർശനചക്രത്തെ കറക്കിക്കൊണ്ടിരിക്കൂ. നിങ്ങൾക്ക് അളവറ്റ സന്തോഷമുണ്ടാകുന്നു. ദേവതകളെയാണ് ശ്രേഷ്ഠാചാരികളെന്നു പറയുന്നത്, മനുഷ്യരെ ഭ്രഷ്ടാചാരികളെന്നു പറയുന്നു. ഈ സമയത്ത് ആരെയും തന്നെ ദേവതകളെന്നു പറയില്ല. അരക്കല്പം

പകലും അരക്കല്പം രാത്രിയുമാണ് - ഇത് ഭാരതത്തിന്റെ തന്നെ കാര്യമാണ്. ബാബ പറയുന്നു ഞാൻ വന്ന് എല്ലാവരുടെയും സദ്ഗതി തന്നെയാണ് ചെയ്യുന്നത്, ബാക്കി മറ്റു ധർമ്മത്തിൽപ്പെട്ടവർ, അവർ അവരവരുടെ സമയത്ത് വന്ന് അവരുടെ ധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നു. എല്ലാവരും വന്ന് ഈ മന്ത്രം എടുത്തു പോകുന്നു. ബാബയെ ഓർമ്മിക്കണം, ആരാണോ ഓർമ്മിക്കുന്നത് അവർ തന്റെ ധർമ്മത്തിൽ ഉയർന്ന പദവി നേടുന്നു.

നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്ത് ആത്മീയ കോളേജ് അഥവാ മ്യൂസിയം തുറക്കണം എഴുതണം- വിശ്വത്തിന്റെ അഥവാ സ്വർഗ്ഗത്തിന്റെ രാജ്യപദവി എങ്ങനെ ലഭിക്കുന്നത്, വരൂ വന്ന് മനസ്സിലാക്കൂ. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വൈകുണ്ഡത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നടക്കുമ്പോഴും കറങ്ങുമ്പോഴും ഒരേയൊരു ബാബയുടെ മാത്രം ഓർമ്മയിലിരിക്കണം, മറ്റൊന്നും തന്നെ കണ്ടിട്ടും കാണപ്പെടരുത് - ഇങ്ങനെ അഭ്യസിക്കണം. ഏകാന്തതയിൽ സ്വയത്തെ പരിശോധിക്കണം, എന്നിൽ എത്രത്തോളം ദൈവീകഗുണങ്ങൾ വന്നിട്ടുണ്ട്?

2) ബാബയെ നിന്ദിക്കുന്ന വിധത്തിലുള്ള ഒരു കർത്തവ്യവും ചെയ്യരുത്, ദൈവീകഗുണങ്ങളെ ധാരണ ചെയ്യണം. ബുദ്ധിയിലുണ്ടായിരിക്കണം - ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം, പിന്നീട് പുതിയ രാജധാനിയിലേക്ക് വരണം.

### വരദാനം - സേവനത്തിൽ ശുഭഭാവന ഉൾപ്പെടുത്തുന്നതിലൂടെ ശക്തിശാലി ഫലം പ്രാപ്തമാക്കുന്ന സഫലതാ മൂർത്തിയായി ഭവിയ്ക്കട്ടെ.

ഏതെല്ലാം സേവനങ്ങളാണോ ചെയ്യുന്നത്, അതിൽ സർവ്വാത്മാക്കളുടെയും സഹയോഗത്തിന്റെ ഭാവനയുണ്ടായിരിക്കണം, സന്തോഷത്തിന്റെ ഭാവന, സദ്ഭാവനയുണ്ടെങ്കിൽ ഓരോ കാര്യവും സഹജമായും സഫലമാകുന്നു. എങ്ങനെയാണോ ആദ്യകാലഘട്ടങ്ങളിൽ, എന്തെങ്കിലും കാര്യം ചെയ്യാൻ പോകുന്നതിനു മുമ്പ് പരിവാരത്തിലുള്ളവരുടെ ആശീർവ്വാദങ്ങൾ സ്വീകരിച്ച് പോകുന്നത്. അപ്പോൾ വർത്തമാന സമയത്തും സേവനത്തിൽ ഈയൊരു കാര്യം ഉൾപ്പെടുത്തേണ്ടതുണ്ട്. ഏതൊരു കാര്യവും ആരംഭിക്കുന്നതിനു മുമ്പായി എല്ലാവരുടെയും ശുഭഭാവന- ശുഭകാമന നേടൂ. എല്ലാവരുടെയും സന്തുഷ്ടതയുടെ ബലം നിറയ്ക്കൂ, അപ്പോൾ ശക്തിശാലി ഫലം ലഭിക്കുന്നു.

### സ്ലോഗൻ - എങ്ങനെയാണോ ബാബ നമുക്കു മുന്നിൽ ഹാജരാകുന്നത്, അതേപോലെ താങ്കളും സേവനത്തിൽ ഹാജരാകുകയാണെങ്കിൽ പുണ്യം ശേഖരിക്കപ്പെടുന്നു.